**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2265** **30-07-2021 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ അനുമതി സംബന്ധിച്ചും നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ എന്തൊക്കെയാണെന്നും എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജക മണ്ഡലത്തിൽപ്പെട്ട വിളപ്പിൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് വിളപ്പിൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി. ഈ പദ്ധതിക്കായി സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 16 കോടി രൂപയുടെ ഭരണാനുമതി 31.03.2016-ൽ നൽകിയിട്ടുണ്ട് . ഈ പദ്ധതിയിൽ കരമനയാറ്റിലെ കാവടിക്കടവിൽ ഒരു പുതിയ കിണറും പമ്പ് ഹൗസും, റാ വാട്ടർ പമ്പിംഗ് മെയിൻ, 10 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, 8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, ജലലഭ്യത ഉറപ്പ വരുത്തുന്നതിനായി കരമനയാറ്റിൽ 2 മീ. ഉയരത്തിൽ ഒരു തടയണ തുടങ്ങിയവയാണ് വിഭാവനം ചെയ്തിട്ടുള്ളത് . ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളെ ആറായി തിരിച്ച് കരാറുകൾ നൽകുകയും അവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയുമാണ് . അവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. ചീലപ്പാറയിൽ 10 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണം, 8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണം, കരമനയാറ്റിനോട് ചേർന്ന് കാവടിക്കടവിൽ 9.0 മീ വ്യാസമുള്ള കിണറും പമ്പ്ഹൗസും നിർമ്മിക്കൽ, കാവടിക്കടവിലെ പമ്പ്ഹൗസ് മുതൽ ചീലപ്പാറയിലെ ജലശുദ്ധീകരണശാല വരെ 400 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ-ജല ശുദ്ധീകരണശാലയുടെയും ജലസംഭരണി യുടെയും നിർമ്മാണ പ്രവൃത്തികൾ പുരോഗ മിക്കുന്നു. കിണറിന്റെയും പമ്പ്ഹൗസിന്റെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി. പൈപ്പ് |

| | | | |
|---|---|---|---|
| | | | ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. 2. കരമനയാറ്റിൽ കാവടിക്കടവിൽ തടയണയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് . 3. ചീലപ്പാറയിലെ ജലശുദ്ധീകരണശാല മുതൽ പേയാട് ജങ്ഷൻ വരെ 300 മി.മീ. വ്യാസമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ, കാവിൻപുറം മുതൽ കൊല്ലംകോട്ടുവരെയും, നൂലിയോടിലെ ഉപരിതലജലസംഭരണി വരെയുമുള്ള എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു. 4. ചീലപ്പാറയിലെ ജലശുദ്ധീകരണശാല മുതൽ കാവിൻപുറം വരെ 300 മി.മീ. വ്യാസമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ പുരോഗമിക്കുന്നു. 5. ജലശുദ്ധീകരണശാലയിലും, റാവാട്ടർ പമ്പ് ഹൗസിലും ട്രാൻസ്ഫോർമറുകളും അനുബന്ധ ഘടകങ്ങളും സ്ഥാപിക്കൽ എന്നിവയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. 6. ജലശുദ്ധീകരണശാലയിലും, റാവാട്ടർ പമ്പ് ഹൗസിലും പമ്പ്സെറ്റുകളും അനുബന്ധ ഘടകങ്ങളും സ്ഥാപിക്കൽ എന്നിവയ്ക്ക് പമ്പുകൾ എത്തിച്ചിട്ടുണ്ട് . ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇവ സ്ഥാപിക്കാനാവും. കോവിഡ് -19 മഹാമാരിയുടെ കടന്നു വരവും അതിനെത്തുടർന്നുള്ള നിയന്ത്രണങ്ങളും പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട് . കൂടാതെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് റോഡ് പുനസ്ഥാപന തുക ലഭ്യമാകാനെടുത്ത കാലതാമസം കാരണം പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനും കാലതാമസമെടുത്തു. പ്രവൃത്തികളെല്ലാം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി 2022 മേയ് മാസത്തോടുകൂടി കമ്മീഷൻ ചെയ്യാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് . |
| (ബി) | വിളവൂർക്കൽ, പള്ളിച്ചൽ, ബാലരാമപുരം കുടിവെള്ള പദ്ധതിയുടെ അനുമതി, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച് വിശദമാക്കാമോ; പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കാമോ; പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജക മണ്ഡലത്തിലുൾപ്പെട്ട പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്കും കോവളം നിയോജക മണ്ഡലത്തിലുൾപ്പെട്ട ബാലരാമപുരം പഞ്ചായത്തിനും ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി 2008-ൽ ആരംഭിച്ച പദ്ധതിയാണ് പള്ളിച്ചൽ, വിളവൂർക്കൽ, ബാലരാമപുരം സമഗ്ര ശുദ്ധജല വിതരണ പദ്ധതി. ഈ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്ത് ചൂഴാറ്റുകോട്ട ജലശുദ്ധീകരണശാലയിൽ നിന്ന് ശുദ്ധജലം |

| | | | |
|---|---|---|---|
| | | | പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകളിലെ നിലവിലുള്ള ജലസംഭരണികളിലെത്തിച്ച് നിലവിലുള്ള ജലവിതരണശൃംഖല വഴി ജലവിതരണം നടത്തിയിരുന്നു. വിളവൂർക്കൽ പള്ളിച്ചൽ പഞ്ചായത്ത് പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി ഈ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി നബാർഡിൽ നിന്നും 10.24 കോടി രൂപ അനുവദിക്കുകയുണ്ടായി. അതിന്റെ ഭാഗമായി വിളവൂർക്കൽ പഞ്ചായത്തിലെ പിടാരത്ത് 4.3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയും 4 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതലജലസംഭരണിയും നിർമ്മിച്ച് ചൂഴാറ്റു കോട്ടയിലെ ജലശുദ്ധീകരണശാലയിൽ നിന്നുള്ള ശുദ്ധജലം നേരത്തേ തന്നെ സ്ഥാപിച്ചിട്ടുള്ള പമ്പിംഗ് മെയിനിലൂടെ ഭൂതല-ഉപരിതല ജലസംഭരണി കളിലെത്തിച്ച് അവിടെ നിന്നും പുതുതായി 16 കി.മീ. ദൈർഘ്യത്തിൽ സ്ഥാപിച്ച 400 മി.മീ. മുതൽ 90 മി.മീ. വരെ വ്യാസമുള്ള ജലവിതരണശൃംഖലകൾ വഴി വിളവൂർക്കൽ പഞ്ചായത്തിൽ വിതരണം ചെയ്തു വരുന്നു. അതുപോലെ പള്ളിച്ചൽ പഞ്ചായത്തിലെ പൂവടയിൽ 8.7 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണി നിർമ്മിച്ച് ചൂഴാറ്റുകോട്ടയിലെ ജലശുദ്ധീകരണശാലയിൽ നിന്നുള്ള ശുദ്ധജലം നേരത്തേ തന്നെ സ്ഥാപിച്ചിട്ടുള്ള പമ്പിംഗ് മെയിനിലൂടെ ഭൂതല ജലസംഭരണിയിലെത്തിച്ച് നിലവിൽ 29 കി.മീ. ദൈർഘ്യത്തിൽ സ്ഥാപിച്ചിട്ടുള്ള 400 മി.മീ. മുതൽ 90 മി.മീ. വരെ വ്യാസമുള്ള ജല വിതരണ ശൃംഖല വഴി പള്ളിച്ചൽ പഞ്ചായത്തിലും വിതരണം ചെയ്യാനുമാണുദ്ദേശിച്ചിരുന്നത് . എന്നാൽ ടി ജലസംരണിയിലേയ്ക്ക് ജലമെത്തിക്കുന്നതിനുള്ള മൊട്ടമൂടിലെ ജലസംഭരണിയുടെ നിർമ്മാണം സിവിൽ കേസ് കാരണം മുടങ്ങിയതിനാൽ ശുദ്ധജല മെത്തിക്കാനായിട്ടില്ല. ഇതിനു പകരം പെരുമ്പഴുതൂരിൽ നിന്നും പൂവടയിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിന് 6.30 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന പുതിയ പദ്ധതി വിഭാവനം ചെയ്യുകയും ജലജീവൻ മിഷനിലുൾപ്പെടുത്തി നെയ്യാറ്റിൻകര ഡിവിഷനു കീഴിൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട് . പൂവട ജലസംഭരണിയിലേയ്ക്കുള്ള വഴിയ്ക്കും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുമുള്ള സ്ഥലം ലഭ്യമായിട്ടില്ല. ടി പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പൂവടയിലെ ജലസംഭരണിയിൽ ശുദ്ധജലമെത്തിച്ച് പള്ളിച്ചൽ പഞ്ചായത്തിൽ വിതരണം ചെയ്യാനാകും. |

സെക്ഷൻ ഓഫീസർ